Cir. No: GE121/2015

هيئة التعليم السنية بعموم كيرلا

# SAMASTHA KERALA SUNNI VIDYABHYASA BOARD

SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6
PH: 0495 - 2772840,41, 42, Email: sksvb@ymail.com, Web: samastha.in

**(പരീക്ഷാ വിഭാഗം)**

**മദ്റസാ മാനേജിംഗ് കമ്മിറ്റി,സ്വദർ മുഅല്ലിം,റെയിഞ്ച് ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്**

## പൊതുപരീക്ഷ - 2016 മെയ്

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് അംഗീകരിച്ച മദ്റസകളിലെ **V, VII, X. +2** ക്ലാസുകളിലെ പൊതുപരീക്ഷ 2016 മെയ് 28, 29 (ശനി, ഞായർ ) തിയ്യതികളിൽ താഴെ ചേർത്ത ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്. അംഗീകാരമില്ലാത്ത മദ്റസകളിൽ പൊതുപരീക്ഷ നടത്തുന്നതല്ല.

### പരീക്ഷാ ടൈംടേബിൾ

| തിയ്യതി | സമയം | V | VII | X | +2 |
|---|---|---|---|---|---|
| 28-05-2016 ശനി | 08.00 am to 10.00 am | الفقه | العقائد | التاريخ | – |
| 28-05-2016 ശനി | 1.30 pm to 03.30 pm | الأخلاق والتجويد | الفقه | – | – |
| 29-05-2016 ഞായർ | 07.00 am to 09.00 am | العقائد | التاريخ | تزكية الولدان | الفقه |
| 29-05-2016 ഞായർ | 10.00 am to 12.00 pm | التاريخ | تزكية الولدان | الفقه | الإسلامية |

പൊതു പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിന് **V, VII, X, +2** ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പേരുവിവരം നിശ്ചിത ഫോറങ്ങളിൽ പൂരിപ്പിച്ച് ക്ലാസ് മുഅല്ലിം (ഡിവിഷനുകളുണ്ടെങ്കിൽ എല്ലാ ഡിവിഷനുകളിലെയും മുഅല്ലിംകൾ), സ്വദർ മുഅല്ലിം, സെക്രട്ടറി/മാനേജർ എന്നിവർ പേരെഴുതി ഒപ്പു വെച്ച് ഓരോ കുട്ടിക്കും 100 രൂപ ഫീസോടു കൂടി 2015 നവംബർ 30നു മുമ്പായി റെയിഞ്ച് എക്സാമിനേഷൻ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്കുശേഷം 2015 ഡിസംബർ 30 വരെ ഒരു കുട്ടിക്ക് 130 രൂപ വീതം അടക്കേണ്ടതാണ്. പോസ്റ്റൽ വഴി അയക്കുന്നവർ പരീക്ഷാ ഫീസ് **Samastha Kerala Sunni Vidyabhyasa Board A/c No: 852420100000206 Bank of India, Mavoor Road Branch Calicut. IFSC Code: BKID0008524.** എന്ന എക്കൗണ്ട് നമ്പറിൽ ബാങ്കിൽ നിക്ഷേപിക്കുകകയോ ഡി.ഡി./മണിഓർഡർ വഴി അയക്കുകയോ ചെയ്യേണ്ടതും പണം അടച്ച റസീപ്റ്റിന്റെ കോപ്പി ഫോറത്തിന്റെ കൂടെ വെക്കേണ്ടതുമാണ്. ചെക്കുകൾ സ്വീകരിക്കുന്നതല്ല.

റെയിഞ്ചു മുഖേന അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ആൺകുട്ടികളുടെ പേരെല്ലാം എഴുതിയ ശേഷം പെൺ കുട്ടികളുടെ പേർ ചുവന്ന മഷിയിൽ എഴുതിയിരിക്കണം. കന്നഡ, ഉർദു, തമിഴ്, അറബി തമിഴ് പാഠപുസ്തകം പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം റിമാർക്സ് കോളത്തിൽ ശാഫി, ഹനഫി വേർതിരിച്ച് പ്രത്യേകം രേഖപ്പെടുത്തണം. **അപേക്ഷാ ഫോറത്തിൽ കുട്ടിയുടെ പേര്, പിതാവിന്റെ പേര് എന്നിവ ഒന്നാമത്തെ വരിയിൽ ഇംഗ്ലീഷി ലും (വലിയ അക്ഷരത്തിൽ) രണ്ടാമത്തെ വരിയിൽ അറബിയിലും (ഹർകത്ത് സഹിതം) വ്യക്തമായി എഴുതേണ്ടതാണ്.** അപേക്ഷ അയച്ച ശേഷം യാതൊരു ഭേദഗതിയും അനുവദിക്കുന്നതല്ല.

10ൽ കുറഞ്ഞ അപേക്ഷകരുള്ള മദ്റസ സെന്ററായി അനുവദിക്കണമെങ്കിൽ 1000 രൂപ അടക്കണം. അല്ലാത്തപക്ഷം സെന്ററായി ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേരും സ്ഥലവും അംഗീകരണ നമ്പറും ഫോറത്തിൽ താഴ്ഭാഗത്ത് ചുവപ്പു മഷിയിൽ രേഖപ്പെടുത്തുകയും പ്രസ്തുത സ്ഥാപനത്തിലെ സ്വദർ മുഅല്ലിമിന്റെ സമ്മത പത്രം കൂടെ വെക്കേണ്ടതുമാണ്.

ഫീസടച്ച ശേഷം പരീക്ഷക്കു മുമ്പായി ഏതെങ്കിലും കുട്ടി മദ്റസയിൽ നിന്ന് വിട്ടു പോയാൽ പ്രസ്തുത വിവരം 2015 മാർച്ച് 15നു മുമ്പായി രേഖാ മൂലം ഓഫീസിൽ ലഭിച്ചിരിക്കണം.

പത്ത്, +2 ക്ലാസുകളിൽ പ്രൈവറ്റായി പരീക്ഷ എഴുതാൻ സൗകര്യം ഉണ്ടായിരിക്കും. ഫീസ് 200 രൂപ

പൊതു പരീക്ഷാ സംബന്ധമായ എല്ലാ എഴുത്തിടപാടുകളും താഴെ കാണിച്ച വിലാസത്തിൽ മാത്രമായിരിക്കേണ്ടതാണ്. കാര്യക്ഷമമായ പരീക്ഷാ നടത്തിപ്പിന് പ്രസ്തുത നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

കോഴിക്കോട്
01-10-2015

ചെയർമാൻ (പരീക്ഷാ വിഭാഗം)
സുന്നി വിദ്യാഭ്യാസ ബോർഡ്,
സമസ്ത സെന്റർ, കോഴിക്കോട് - 673006